**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : **4433**

21.03.2018 ൽ
മറുപടിയ്ക്ക്

## ആലപ്പാട് പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കരുനാഗപ്പള്ളി താലൂക്കിലെ ആലപ്പാട് ഗ്രാമപഞ്ചായത്ത് ഏത് പോലീസ് സ്റ്റേഷൻ പരിധിയിൽ ഉൾപ്പെടുന്നുവെന്ന് വിശദീകരിക്കാമോ; | (എ) ആലപ്പാട് ഗ്രാമപഞ്ചായത്ത് കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിൽ ഉൾപ്പെടുന്നു. |
| (ബി) നൂറു ശതമാനം മത്സ്യത്തൊഴിലാളികൾ താമസിക്കുന്ന പ്രദേശത്ത് സുനാമി ഉൾപ്പെടെയുള്ള ദുരന്തങ്ങളും ക്രമസമാധാന പ്രശ്നങ്ങളും നിരന്തരമായി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യങ്ങളിൽ അടിയന്തര സഹായമെത്തിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) പോലീസ്, മറൈൻ എൻഫോഴ്സ്മെന്റ്, ഫയർ ഫോഴ്സ്, ഹെൽത്ത് സർവ്വീസ് മുതലായ സർക്കാർ സംവിധാനങ്ങൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജില്ലാതലത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ജില്ലാ അടിയന്തിരഘട്ട കാര്യ നിർവഹണ കേന്ദ്രവും അടിയന്തിര സഹായമെത്തിക്കുന്നതിനായി പ്രവർത്തിക്കുന്നുണ്ട്. |
| (സി) ഈ പ്രദേശത്തെ സേവനത്തിനുമാത്രമായി ഒരു പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) ഇത് സംബന്ധിച്ച് ശുപാർശകളൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ